**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 235** **14-02-2024 - ൽ മറുപടിയ്ക്ക്**

**അലങ്കാര മത്സ്യ കൃഷി പ്രോത്സാഹനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി സ്റ്റീഫൻ,<br>ശ്രീ എം നൗഷാദ് ,<br>ശ്രീ. കെ. പ്രേംകുമാർ,<br>ശ്രീമതി ദെലീമ | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | അലങ്കാര മത്സ്യ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കാമോ; | (എ) | അലങ്കാര മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി പി.എം.എം.എസ്.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തി 2021-22, 2022-23 & 2023-24 സാമ്പത്തിക വർഷങ്ങളിലായി താഴെ പറയുന്ന മത്സ്യക്കൃഷി പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br><br>1. പിന്നാമ്പുറങ്ങളിലെ അലങ്കാര മത്സ്യ റിയറിംഗ് യൂണിറ്റുകൾ.<br><br>2. ചെറുകിട അലങ്കാര മത്സ്യ റിയറിംഗ് യൂണിറ്റുകൾ.<br><br>3. സംയോജിത അലങ്കാര മത്സ്യ റിയറിംഗ് യൂണിറ്റുകൾ.<br><br>2022-23 സാമ്പത്തിക വർഷത്തിൽ സംസ്ഥാനാവിഷ്കൃത പദ്ധതിയിൽ ഉൾപ്പെടുത്തി 'കാവിൽ' മുഖേന "അലങ്കാര മത്സ്യകൃഷി വികസനം" പദ്ധതിയ്ക്കായി ഒരു കോടി രൂപയുടെ ഭരണാനുമതി നൽകുകയും 70 ലക്ഷം രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. 2023-24 സാമ്പത്തിക വർഷം അലങ്കാര മത്സ്യകൃഷി വികസനം രണ്ടാം ഘട്ടം പദ്ധതിയ്ക്കായി ഒരു കോടി രൂപയുടെ ഭരണാനുമതി നൽകുകയും 40 ലക്ഷം രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്.<br><br>ഫിഷറീസ് വകുപ്പിന്റെ കീഴിൽ നെയ്യാർ ഡാമിൽ പ്രവർത്തിക്കുന്ന ഹാച്ചറി സമുച്ചയത്തിൽ അലങ്കാര മത്സ്യ യൂണിറ്റുകളുടെ പ്രവർത്തനം 2018 ൽ ആരംഭിച്ചു. ഇവിടെ ഗപ്പി, മോളി, പ്ലാറ്റി, ഗൗരാമി, ഓസ്കർ, ടെട്ര, കോയി കാർപ്പ്, ഗോൾഡ് ഫിഷ്, ഫൈറ്റർ മുതലായ അലങ്കാര മത്സ്യങ്ങൾ ഉൽപ്പാദിപ്പിച്ചു വിതരണം ചെയ്തു വരുന്നു. മുൻ സാമ്പത്തിക വർഷം 6.8 ലക്ഷം മത്സ്യങ്ങളെ |

| | | | |
|---|---|---|---|
| | | | ഉൽപ്പാദിപ്പിച്ച വിതരണം ചെയ്തിട്ടുണ്ട്. ഈ വർഷം 8.47 ലക്ഷം മത്സ്യങ്ങളെ ഉൽപ്പാദിപ്പിച്ചു. |
| (ബി) | അലങ്കാര മത്സ്യങ്ങളുടെ വിപണനത്തിന് സഹായകമായ എന്തെല്ലാം പദ്ധതികളാണ് നിലവിലുള്ളതെന്ന് വിശദമാക്കാമോ; | (ബി) | ഫിഷറീസ് വകുപ്പിന്റെ നെയ്യാർ ഡാം ഹാച്ചറിയിൽ അലങ്കാര മത്സ്യ ഉൽപ്പാദനത്തിനും പരിപാലനത്തിനുമായി അലങ്കാര മത്സ്യ യൂണിറ്റ് പ്രവർത്തിക്കുന്നു. അലങ്കാര മത്സ്യ വിപണി പ്രോത്സാഹിപ്പിക്കുന്നതിനും വികസിപ്പിക്കുന്നതിനുമായി 'കാവിൽ' മുഖേന കേരളത്തിലെ അലങ്കാര മത്സ്യകർഷകരിൽ നിന്നും ഗുണമേന്മയുള്ള മത്സ്യങ്ങൾ ശേഖരിച്ച് രോഗവിമുക്തമാണെന്ന് ഉറപ്പു വരുത്തി സംസ്ഥാനത്തിനകത്തും പുറത്തും വിപണനം ചെയ്തു വരുന്നു. ഫിഷറീസ് വകുപ്പിൽ രജിസ്ട്രേഷൻ ഉള്ള എല്ലാ കർഷകരിൽ നിന്നും വിപണിയിലെ ആവശ്യകത അനുസരിച്ച് അലങ്കാര മത്സ്യങ്ങൾ വാങ്ങി കണ്ടീഷനിംഗ് ചെയ്തു വിവിധ സംസ്ഥാനങ്ങളിലേക്ക് അയക്കുകയും എല്ലാ തിങ്കളാഴ്ചകളിലും അലങ്കാരമത്സ്യ വിപണന മേള (ബയർ സെല്ലർ മീറ്റ്) സംഘടിപ്പിച്ചു വരുകയും ചെയ്യുന്നു. പി.എം.എം.എസ്.വൈ. പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള അലങ്കാര മത്സ്യ കർഷകർ ഉൽപാദിപ്പിക്കുന്ന അലങ്കാരമത്സ്യങ്ങൾ ശേഖരിച്ച് വിൽപ്പന നടത്തുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കുന്നതിന്റെ ആദ്യപടിയായി ഒരു സംസ്ഥാനതല ശില്പശാല 12/02/2024 നു സംഘടിപ്പിക്കുന്നുണ്ട്. |
| (സി) | അലങ്കാര മത്സ്യങ്ങളുടെ ആഭ്യന്തര വിപണി പ്രയോജനപ്പെടുത്തുവാൻ മുൻകാലങ്ങളിൽ നടത്തിയത് പോലെ അക്വാ ഷോകൾ സംഘടിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ? | (സി) | അലങ്കാര മത്സ്യങ്ങളുടെ വിപണി പ്രയോജനപ്പെടുത്തുന്നതിനായി 2022-23ൽ കാവിൽ മുഖേന അലങ്കാര മത്സ്യങ്ങളുടെ അക്വാഷോ സംഘടിപ്പിച്ചിരുന്നു. 2023-24 സാമ്പത്തിക വർഷം ഫണ്ടിന്റെ അപര്യാപ്തത മൂലം അക്വാഷോ നടത്തുന്നതിന് സാധിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ